# സ്പർശം



## ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് .എസ് വൈത്തിരി

ഡിജിറ്റൽ മാഗസിൻ



ശ്യാംകുമാർ . ഇ

ഹെഡ്മാസ്റ്റർ

## മുഖമൊഴി

ശാസ്ത്ര സാങ്കേതിക വിദ്യയുടെ കുതിച്ചു ചാട്ടം സമസ്ത മെഖലയേയും വിശിഷ്യാ വിദ്യാഭ്യാസ മേഖലയെ വിപ്ലവാത്മകമാക്കി കൊണ്ടിരിക്കുന്ന അദ്ഭുതകരമായ കാഴ്ചയാണ് നാം കാണുന്നത്.

പൊതുവിദ്യാഭ്യസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങൾ ഹൈടെക്ക് സംവിധാനത്തിലേക്ക് മാറികൊണ്ടിരിക്കുന്നു. വിദ്യാർത്ഥികൾ കമ്പ്യൂട്ടറിന്റെ നൂതനപ്രവണതകൾ സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നു.

വിദ്യാലയങ്ങൾ ഐ.ടി അധിഷ്ഠിത പഠന സമ്പ്രദായം ആരംഭിച്ചിരിക്കുക- -യാണല്ലോ. വിദ്യാർത്ഥികൾക്ക് ഐടി പഠനത്തിന് കൂടുതൽ അവസരങ്ങൾ അനിവാര്യമാണ് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് കേരള

# സ്പർശം

സംസ്ഥാനത്തുടനീളം വിദ്യാലയങ്ങളിൽ "ലിറ്റിൽ കൈറ്റ്സ് "എന്ന നൂതന പദ്ധതി ആരംഭിച്ചിട്ടുള്ളത്.

നമ്മുടെ വിദ്യാലയത്തിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ അവരുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു മനോഹരമായ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിൽ അതിയായ സന്തോഷവും അഭിമാനവും തോന്നുന്നു. വിദ്യാർത്ഥികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കുന്ന "സ്പർശം"ഡിജിറ്റൽ മാഗസിൻ വിദ്യാലയത്തിനു തന്നെ ഒരു തൂവൽ സ്പർശമാകട്ടെ എന്ന് ആശംസിക്കുന്നു.ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവരെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

ഡിജിറ്റൽ മാഗസിൻ



എം എം ഗണേശ്

(സീനിയർ അസിസ്റ്റൻറ്)

## ആശംസകൾ

മിഴിയടച്ച് ഒളിച്ചിരുന്ന സർഗവാസനകളെ കൈത്താങ്ങ് നൽകിസാഹിത്യനഭോമണ്ഡലത്തിലേക്ക് എത്തിക്കുന്നതിനും,കുരുന്നുമനസ്സുകളിൽ സർഗസൃഷ്ടിയുടെ അലകടൽ പ്രക്ഷുബ്ധത ഉയർത്തി വിരേചനം നടത്താനും ,അങ്ങിനെ സമൂഹത്തിന്റെ കണ്ണാടിയാകാനും,സ്വയം നവീകരിക്കാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ലിറ്റിൽ കൈറ്റിന്റെ പ്രവർത്തകർക്കും,പ്രവർത്തനങ്ങൾക്കുംഎല്ലാവിധ ആശംസകളും നേരുന്നു.



സുനിൽ കുമാർ

**PTA പ്രസിഡൻറ്**

ലിറ്റിൽകൈറ്റിലെ കുട്ടികൾ"ഡിജിറ്റൽമാഗസിൻ"പ്രസിദ്ധീകരിക്കാൻ പോകുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം ഉണ്ട്.നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന കഴിവുകളെ അറിയുവാനും അഭിവൃദ്ധിപ്പെടുത്താനും ഈ ഡിജിറ്റൽ മാഗസിൻ പ്രയോജനപ്പെടട്ടെ.ഇതിലെ എന്റെഎല്ലാ പ്രിയപ്പെട്ട കുട്ടകൾക്കും അതിന്റെ സാരഥികൾക്കും എല്ലാ ആശംസകളും നേരുന്നു.

## എഡിറ്റോറിയൽ ബോർഡ്


1. ശ്യാം കുമാർ(ഹെഡ് മാസ്റ്റർ @ ചീഫ് എഡിറ്റർ)
2. സഫ്‌വാന ഷെറിൻ
3. മുഹമ്മദ് ജസീൽ സി.കെ
4 ഫാത്തിമത്തുസ്സഹല
5 നാജിയ നസ്റിൻ
6. ദുർഗ നന്ദഗോപാൽ
7. ഷംജിത്ത്
8. വിനീത ബേബി
9. അർജ്ജുൻ പ്രകാശ്
10. നവജിത്ത്
11. സി.കെ പ്രിയരഞ്ജിനി(ഏകോപനം)

## താളുകൾ മറിക്കുമ്പോൾ


കർമ്മം മികവുറ്റതാക്കാൻ.......9

ഗാന്ധിജി ഉപദേശിച്ച "രക്ഷാകവചം".......11

പെണ്ണ്.......12

ഇന്ന്.......14

നാളെ.......14

സദ്യ.......15

.......15

പൂക്കളം.......15

സ്നേഹം.......16

നിലാവ്.......17

ദ്രവ്യം.......18

ജീവിതം.......19

ശ്രമിക്കാം.......19

തോൽവി എന്ന സത്യം.......19

.......20

ഒറ്റപ്പെട്ടവൻ.......20

കണ്ണ്.......20

മുള്ള്.......20

കേരളം.......21

മനസ്സിൻ മടി തട്ടിൻ നെഞ്ചിൽ.......22

മഴയുടെ ഗാനം.......23

ആത്മവിശ്വാസത്തിൻറെ വിജയം.......25

നാടൻ പാട്ടിൻറ പ്രതിഭയോടൊപ്പം.......30

ഏതു വേഷവും അമ്മയ്ക്ക് ഇണങ്ങും അമ്മവേഷം അമ്മയ്ക്ക് മാത്രം.......31

ഊർജ്ജ പരിപാലനം.......32

അനുഭവം ഗുരു.......34

# കർമ്മം മികവുറ്റതാക്കാൻ

എല്ലാത്തിനെയും പറ്റിയും എപ്പോഴും കൃതജ്ഞത ഉള്ളവരായിരിക്കണം നാം ഓരോരുത്തരും. എത്രയോ മനുഷ്യരുടെ പ്രയത്നവും പിന്തുണയും നമ്മുടെ ജീവിതത്തെ ധന്യമാക്കുന്നുണ്ട് . നാം ധരിക്കുന്ന വസ്ത്രം ,കഴിക്കുന്ന ഭക്ഷണവും ഇവയെല്ലാം എത്രയോ മനുഷ്യരുടെ കൈകൾ കടന്നാണ് നമ്മളിൽ എത്തുക. ഇങ്ങനെ ചിന്തിച്ചാൽ പ്രപഞ്ചത്തോട് മുഴുവൻ നമ്മുടെ കൃതജ്ഞതയുടെ മനോഭാവം വളർത്തിയെടുക്കാൻ കഴിയും. ചെറിയ ഉപകാരങ്ങൾക്ക് പോലും നന്ദിയുള്ളവരാവാൻ നാം മടിക്കരുത് . ഇത് നമ്മുടെ സാമൂഹ്യ ബന്ധങ്ങൾ വളർത്താൻ സഹായിക്കും. നമ്മെസ്നേഹിക്കുന്നവരെയും നമ്മുടെ ജീവിതത്തെ സങ്കീർണമാക്കുന്ന ആളുകളെയും നാം തിരിച്ചറിയണം. സ്വന്തം ബോധങ്ങൾക്കനുസരിച്ച് നീതി ബോധത്തോടും  സത്യസന്ധതയോടും കൂടി വ്യാപരിക്കുക. എല്ലാ ധർമ്മശാസ്ത്രങ്ങളും നമുക്കു പറഞ്ഞുതരുന്ന സത്യമാണിത്. മനസ്സാക്ഷി നിർമ്മലം ആക്കി സൂക്ഷിക്കുന്നവർ കൊടുങ്കാറ്റിലും പ്രചണ്ഡമായ മനസ്സോടെ ജീവിതത്തെ നേരിടും. ശരിതെറ്റുകളെ വിവേചിച്ചറിയാനും  അതനുസരിച്ച് പ്രവർത്തിക്കാനും നാം പരിശീലിക്കണം. നമ്മുടെ ജീവിത വിജയത്തിന് അത് ഏറ്റവും അനുവാര്യമാണ്. ലക്ഷ്യബോധം നക്ഷത്രങ്ങളെ പ്രാപിക്കാൻ കഴിയാത്തത് എല്ലാം നമുക്ക് ലഭ്യമാക്കാൻ നക്ഷത്രത്തിലുക്കും ഇല്ലാത്തതാണ് നമ്മുടെ പ്രശ്നമെന്ന് ഡോക്ടർ എപിജെ അബ്ദുൽ കലാം പറഞ്ഞത് എയറനോട്ടിംക്  സിദ്ധാന്തമനുസരിച്ച് മറക്കാനാവില്ല. കാരണം ഉടൽ ഭാരത്തിന്റെ അനുപാതത്തിൽ ചിറകു തീരെ ചെറുതാണ്. വൺ ടു പറയുന്നത് അതിൻറെ ആഗ്രഹം ഒന്നുകൊണ്ടു മാത്രമാണ്. ഉയർന്ന ലക്ഷ്യബോധവും അതിനോടുള്ള ആഗ്രഹവും ഉണ്ടെങ്കിൽ നാം അറിയാതെ തന്നെ നമ്മുടെ മനസ്സും ആത്മാവും ശരീരവും അതിനായി ശ്രമിച്ചുകൊണ്ടിരിക്കും .

# സ്പർശം

മറ്റൊരു അവസരത്തിനായി എല്ലാവരും ആഗ്രഹിക്കുന്നു. നമ്മുടെ തെറ്റുകൾ തുടച്ചുനീക്കി പുതിയ തുടക്കം കുറിക്കാൻ ഒരു അവസരം. പരാജയങ്ങളെ വിജയമാക്കാൻ ഒരു അവസരം.

എന്നാൽ മിക്കയാളുകൾക്കും അങ്ങനെയൊരു തുടക്കം കുറിക്കാൻ ധൈര്യം പോരാ. അവർ ഞങ്ങളുടെ ജീവിതം നിരാശയിൽ അവസാനിപ്പിക്കുന്നു. തന്റെ തെറ്റുകളെ കുറിച്ചുള്ള ചിന്ത എല്ലാവരും തുടച്ചുനീക്കണം. പുതിയ വർഷം ആരംഭിക്കുമ്പോൾ നല്ല തുടക്കം കുറിക്കാൻ പുതിയ വർഷം വരെ കാത്തിരിക്കേണ്ട ആവശ്യമില്ല. ഇപ്പോൾ തന്നെ നല്ല തുടക്കം കുറിക്കാം. ഇന്നത്തെ നമ്മുടെ ജീവിതശൈലി മാറ്റിയാൽ മതി. അതിനായി നമ്മുടെ ജീവിതരീതി മാറ്റുവാൻ തീവ്രമായ ആഗ്രഹം ഉണ്ടാകണം. എല്ലാവർക്കും പുതിയ ആരംഭം കുറിക്കാൻ പുതിയ അവസരം കാത്തിരിക്കുന്നു. ഞങ്ങൾ തുടച്ചു നീക്കുന്നതിനും പരാജയങ്ങളെ വിജയമാക്കി തീർക്കുവാനും ഒരവസരം. പുതിയ തുടക്കത്തിനായി പുതുവർഷത്തിനു വേണ്ടി കാത്തിരിക്കേണ്ടതില്ല. തീർച്ചയായും പുതിയ ഒരു നാളെ ഉണ്ടെന്ന് കാണുവാൻ കഴിയണം .

നന്ദി

ആശ്വതി. എസ്

# ഗാന്ധിജി ഉപദേശിച്ച "രക്ഷാകവചം"




ഞാൻ നിങ്ങൾക്കൊരു രക്ഷാകവചം നൽകാം.നിങ്ങൾ കൂടുതൽ സംശയാലുക്കളാവുകയോ,സ്വാർത്ഥരാകുകയോ ചെയ്യുമ്പോൾ ഇതൊന്നു പരിക്ഷിച്ചു നോക്കുക

നിങ്ങൾ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും പാവപ്പെട്ടതും അവശതയനുഭവിക്കുന്നതുമായ ഒരാളുടെ മുഖം മനസ്സിൽ കാണുക.എന്നിട്ട് സ്വയം ചോദിക്കുക.നിങ്ങൾ എടുക്കാൻപോകുന്ന തീരുമാനം ആവ്യക്തിക്ക് ഏതെങ്കിലുംഒരു നേട്ടം ഉണ്ടാക്കികൊടുക്കുകയോ,ആ വ്യക്തിയുടെ ജീവീത ഗതി മാറ്റുകയോ ചെയ്യുമോ? അല്ലെങ്കിൽ പട്ടിണി അനുഭവിക്കുന്ന,ആത്മീയദാരിദ്യം അനുഭവീക്കുന്ന ലക്ഷക്കണക്കിന് ആളുകൾക്ക് സ്വരാജ് നേടിക്കൊടുക്കാൻ അത് ഉപകരിക്കുമോ?അപ്പോൾ നിങ്ങളുടെ സംശയങ്ങളും സ്വാർത്ഥതയും അലിഞ്ഞില്ലാതാകുന്നത് നിങ്ങൾക്ക് ബോധ്യമാവും

**സഫ്‌വാന ഷെറിൻ**

# പെണ്ണ്



ആദ്യം അതൊരു നിഷ്കളങ്കത
നിറഞ്ഞ മോണ കാട്ടിയുള്ള
ചിരിയായിരുന്നു
പെൺകുഞ്ഞെന്ന ആനന്ദവും
ഒരു ഭാരം എന്ന നെറ്റി ചുളിക്കലും
അവൾ അന്നു മുതൽ കണ്ടു തുടങ്ങിയതാണ്....
പിന്നെ കുഞ്ഞു ഉടുപ്പിട്ട ബാല്യമായി
തളിർത്തു പൊങ്ങി..
ഒരു പൂവായ് വിരിഞ്ഞു
ഒരു ശലഭമായി പാറി നടന്നവൾ.....
യാത്രയ്ക്കിടയിൽ ബാല്യങ്ങളിൽ നിന്ന്
അവളെ കൗമാരം കവർന്നെടുത്തത് പെട്ടെന്നായിരുന്നു....
അതുവരെ അനുഭവിക്കാത്ത അനുരാഗങ്ങൾ
അവളെ ഒരു സൗന്ദര്യവതിയാക്കി.. അതുവരെ
ഇല്ലാതിരുന്ന നിയന്ത്രണങ്ങൾ
അവളെ വീർപ്പുമുട്ടിച്ചു തുടങ്ങി
പെങ്ങൾ എന്ന പദവി അവൾ ആസ്വദിക്കും
മുന്നേ ഭാര്യയെന്നമറ്റൊരു പദവി
കൂടി അവൾക്ക് ലോകം കനിഞ്ഞു
നൽകിയത് കാലം അവർക്ക്

# സ്പർശം

നൽകിയ ഔദാര്യമായിരുന്നില്ല

അവളെന്ന ജന്മത്തോടുള്ള ആദരവും

കൂടിയായിരുന്നു.



അമ്മയായതാവും അവളേറ്റവും അനുഭവിച്ച അനുഭൂതി......

അതോടെ  ആ പെൺജന്മം

മഹത്ത്വവത്ക്കരിക്കപ്പെട്ടു

യാത്രയ്ക്കിടയിൽ അവൾ തളർന്നു

തുടങ്ങിയതോടെ

ഒത്തിരി പേരക്കുട്ടികളുടെ

കൂട്ടിനാലവൾ ഒരു മുത്തശ്ശിയായി വാടി

തുടങ്ങി...

അവസാനം പടിഞ്ഞാറ്

സൂര്യൻ അസ്തമിച്ചതോടെ

ചമഞ്ഞൊരുങ്ങി

ശാന്തമായി ഉറങ്ങിയതും ഈ

ലോകത്തിനു നൽകിയ ഒരു വലിയ

സന്ദേശം തന്നെയായിരുന്നു .

ഹാരിസ് കുളിമാട്

## ഇന്നലെ

അതൊരു പൂവാണ്
ഓർമ്മകൾ തൻ
ഇതളുകളായ് വിരിഞ്ഞ
പൂവ്......

## ഇന്ന്

അതൊരു
തടവറയാണ്
കനവുകളും
മോഹങ്ങളും തീർത്ത
തടവറ .........

## നാളെ

അതൊരു പേരാണ് ഒരുപിടി
പ്രതീക്ഷകളുടെ പേര്....
ആകാശങ്ങളുടെയും

## സദ്യ

ഇലകളിൽ
ബന്ധങ്ങളുടെ കൂട്ടുകൾ
ഒന്നൊന്നായി ഉണ്ട്
ഉണ്ടായി വിളമ്പിയ

## പൂക്കളം

അവിടെ
ബന്ധങ്ങൾക്കും
സ്നേഹങ്ങൾക്കും
നിറങ്ങളും
സുഗന്ധങ്ങളും
ചാലിച്ച കൊണ്ട്
കളമെഴുതി

## സ്നേഹം.....

പൂക്കളും

അവിടെ

ബന്ധങ്ങൾക്കും

സ്നേഹങ്ങൾ ക്കും

നിറങ്ങളും

സുഗന്ധങ്ങളും

ചാലിച്ചു കൊണ്ട്

കളമെഴുതി.....

## ഓണം

പാതാളം വരെ

ചവിട്ടി താഴ്ത്തിയാലും

ഒരിക്കൽ

ഉയർത്തെഴുന്നേറ്റ

വരും എന്നുള്ള ഒരു

വരും എന്നുള്ളൊരു

ഗുണപാഠം

- ഹാരിസ് കുളിമാട്

# നിലാവ്

നറുചിരി  വിരിയാൻ  ചിരിയൊളി  പകരാൻ
വിരുന്നെത്തിയിന്ന്  വിണ്ണിൽനിന്നും
വെണ്ണിലാവ്  ഇരവിന്നിതളിൽ
വഴിയേതെന്നറിയാതുഴലും
നേരത്തെൻ ചാരത്തായണയും  സഖിയേ....സഖിയേ
മണ്ണിനീവേളയിൽ  കന്നന്നിചെക്കൻ തെളിയാൻ
കനവിൽ  നിറയും  നിനവിൽ
കളിയും  കൂട്ടുകൂടാനായും
നീലാ  തുലാവഴകേ.......
നിറ  നിലാ  കുറുമ്പുമായെൻ
അരികിലെന്നുമേ  സഖിയേ......

അൻഷി  എഫ് . കെ
8.A

# ദ്രവ്യം

ഓർക്കുകാ മനുഷ്യ നീ

മണ്ണാൽ ജനിപ്പിച്ച നിന്നെ

മണ്ണിലേക്കു തന്നെ കടക്കുന്ന നിനക്ക്

ഇക്കുടിലമാം ഭൗതികലോകത്തു

ദ്രവ്യം നിറക്കു വാനൊട്ടും മടിയില്ല

കൈതവം കാട്ടുവാൻ ഒട്ടും മടിയില്ലതാനും

ദ്രവ്യം നിറക്കുവാൻ മാത്രം പഠിക്കുനീ

വൈദ്യം പഠിക്കുന്നു നീ ആട്ടം പഠിക്കുന്നു നീ

ചാട്ടം പഠിക്കും നിയോർക്കുകാ മനുഷ്യാ

നീ കെട്ടിപ്പടുത്തുയർത്തിയെല്ലാം

പക്ഷേ ഒന്നുണ്ട്

ചിരഞ്ജീവിയായ് നില കൊള്ളുവാ_

നാർക്കുമൊക്കതില്ല താനും

റഫ്ഖാന

# എന്റെ ഈരടികൾ

## ജീവിതം

ചെടിയാവൂ നീ ചെടിയിൽ മൊട്ടാകൂ നീ
പൂവാകൂ നീ അവസാനം വാടി ഞെട്ടറ്റുവീഴൂ നീ.....

## ശ്രമിക്കാം......

ശ്രമം കൊണ്ടു ശ്രീമാനാകാം
ജയിക്കുവാൻ ശ്രമിക്കു നീ ബാലകാ.....

## തോൽവി എന്ന സത്യം

തോൽവി എന്ന സത്യം അറിയുമ്പോൾ.....
ളുക്കു കയറിന്നിരയാകരുതേ.....

റഫ്ഖാന

## ഒറ്റപ്പെട്ടവൻ

ഒറ്റപ്പെട്ടവനെ ചെന്നായപിടിക്കും
ഒറ്റയാവല്ലേ..ഇരുട്ടിലാവല്ലേ

## കണ്ണ്

ഇരുകണ്ണ് പുറത്താക്കി ഇരുകണ്ണകത്താക്കി
നക്കണ്ണിനാലെ ജീവിക്കണം

## മുള്ള്

ചെറുപ്പത്തിൽ മുളച്ചമുള്ള് ചെറുപ്പത്തിൽ
നുള്ളിയാൽ വലുപ്പത്തിലുള്ള മുള്ളും ഭസ്മമാവും

വിനീത ബേബി

# കേരളം

ഞാൻ ഇന്ന് നി ങ്ങളുടെ മുൻപിൽ പറയാൻ പോകുന്നത് നാളത്തെ കേരളം എൻറെ സങ്കല്പത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കിയാണ്. ആദ്യം തന്നെ ഞാൻ ഇന്നത്തെ കേരളത്തെ കുറിച്ച് രണ്ടു വാക്ക് പറയാം. ഇന്നത്തെ കേരളം മാലിന്യങ്ങളും വിഷാംശങ്ങൾ കൊണ്ടും നിറഞ്ഞതാണ് ഇന്നത്തെ കേരളത്തിൽ കുന്നിടിക്കലും, മണൽവാരലും, വയൽ നികത്തലും ആണ്. അപ്പോൾ നാളത്തെ കേരളം എങ്ങനെയാണെന്ന് നമുക്ക് ആലോചിക്കാൻ ഉള്ളൂ

" ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ"

ഇതു തന്നെയാണ് എനിക്കും നിങ്ങളുടെ അടുത്ത് ചോദിക്കാനുള്ളത് അടുത്ത തലമുറയ്ക്ക് ജീവിക്കാൻ കഴിയുമോ? അത് ഓർത്തുകൊണ്ട് ഞാൻ നിങ്ങളുടെ അടുത്ത് പറയുന്നു. ഇത് നമ്മുടെ കേരളമാണ്. നമ്മുടെ ജന്മനാടാണ്. അത് നാം മലയാളികൾ പലപ്പോഴും മറന്നുപോകുന്നു. നമ്മുടെ മാതൃഭാഷയായ മലയാളം നാം മനുഷ്യർ വെറുത്തു തുടങ്ങിയിട്ട് നാളേറെയായി നാളെ ഇനി കേരളം ഉണ്ടോ എന്ന് തന്നെ സംശയമാണ് അടുത്തത്

" മലിനമായ ജലാശയം അതിമനോഹരമായ ഒരു ഭൂമിയും"

മലിനമായ പുഴകളും അതിലുപരി മലിനമാണ് ഇന്ന് നമ്മുടെ ഭൂമിയും എന്ന് ഓർക്കുക. പഴയ വ്യവസ്ഥകൾ മാറണം. ഒരു വ്യവസ്ഥയിൽ നിന്ന് നമ്മൾ മുന്നോട്ടു പോകണം. നമ്മുടെ ഭൂമിയെ സംരക്ഷിക്കണം. അത് നമ്മുടെ ഉത്തരവാദിത്വമാണ്. കടമയാണ്. എൻറെ ഭാവനയിൽ നാളത്തെ കേരളം മാലിന്യം ആകാത്ത പുഴകളും നി കത്താത്ത കുന്നുകളും, മണൽ വരാത്ത പുഴകളും നിറഞ്ഞ പച്ചപ്പരവതാനി വിരിച്ച ഒരു കേരളമാണ് ഞാൻ സ്വപ്നം കാണുന്നത്. ആ കാഴ്ച യാദൃശ്ചികം ആക്കാൻ മനുഷ്യർ ഒന്നായി നിൽക്കട്ടെ എന്ന് പറഞ്ഞ് ഞാൻ എൻറെ വാക്കുകൾ ഉപസംഹരിക്കുന്നു

ജയ്ഹിന്ദ്

നന്ദി

**അലീന്റ . പി ആർ**

## മനസ്സിൻ മടി തട്ടിൻ നെഞ്ചിൽ

ഇന്നൊരു കണ്ണീരുരുൾ പൊട്ടൽ....

അണപൊട്ടിയൊഴുകി

നിറഞ്ഞാടി യൻ നോവിൻ

ചാലും മിഴിനീർ ചാലും....

തിമിർത്തു പെയ്താടി

എൻ കരളിലെ നീർക്കെ ട്ടിൽ

കരകവിഞ്ഞൊഴുകി സങ്കട

കവിതകൾ ഒന്നൊന്നായി....

തിരയുന്ന തളർന്നീടുന്ന

മണ്ണിനടിയിൽ അമർന്ന

പ്രതീക്ഷകളും.....

നൊന്തുരുകിയുരുകി

തീർന്നുപോയി എല്ലാ ആശകളും

ഹാരിസ് കുളിമാട്



## മഴയുടെ ഗാനം

മാനത്തുനിന്നും ദൈവം പൊട്ടുകൾ ഉള്ള വെള്ളിനൂലുകൾ ആണ് ഞാൻ
പ്രകൃതി എന്നെ സ്വീകരി അവൾ താഴ്വാരങ്ങളും അലങ്കരിക്കുന്നു

ഉദ്യാനങ്ങൾ അലങ്കരിക്കുന്ന അതിനായി പ്രഭാതത്തിലെ പുത്രി
ഇഷ്ടത്തിന് കിരീടത്തിൽ നിന്നും പറിച്ചെട്ടുത്ത പഴമാണ് ഞാൻ

ഞാൻ കരയുമ്പോൾ മലകൾ ചിരിക്കുന്നു
ഞാൻ വെളിപ്പെടുത്തുമ്പോൾ പൂക്കൾ ആസ്വദിക്കുന്നു

ഞാൻ ശിരസ്സ് താഴ്ത്തുമ്പോൾ എല്ലാം harsh അവരാകുന്ന മഴയും മേഘവും
പ്രണയിക്കുകയാണ് അവർക്കിടയിൽ

സന്തോഷ് ത്തിൻറെ മകനാണ് ഞാൻ



# സ്പർശം

ഞാൻ നിൻറെ ദാഹം ശമിപ്പിക്കുന്ന മറ്റൊരു രോഗം ഷമിപ്പിക്കുന്ന

ഇടിമുഴക്കത്തിൻറെ നാദം എൻ വരവ് അറിയിക്കുന്ന മഴവില്ല് എൻറെ വിടവാങ്ങൽ അറിയിക്കുന്ന ഇഹലോകം ജീവിതംപോലെ ഭ്രാന്തമായ പ്രകൃതി ശക്തികളുടെ തുടങ്ങി മരണത്തിൻറെ ആരും ഇത്താത്ത ചിറകുകൾ കടയിൽ ഞാൻ അവസാനിക്കുന്ന

കടലിൻറെ ഹൃദയത്തിൽ നിന്നും ഞാൻ ഉണരുന്ന

ഇളം കാറ്റിനോടൊപ്പം ഉയർന്ന പറക്കുന്ന വയലിൻ എന്ന ആവശ്യമാണെന്ന് തോന്നി വഴക്ക് ഇറങ്ങും

പൂക്കളും മരങ്ങളും ആലിംഗനം ചെയ്യുന്ന എൻറെ മൃദുവായ കൊണ്ട് സ്പർശിക്കുന്ന എൻറെ വരവ് അറിയിക്കാൻ സ്വാഗത ഗാനം ഏവർക്കും കേൾക്കാം എന്നാൽ ലോലഹൃദയൻ മാർക്ക് മാത്രമേ അത് മനസ്സിലാകൂ.

ജിബ ഷഹിൻ

ഡിജിറ്റൽ മാഗസിൻ

## ആത്മവിശ്വാസത്തിൻറെ വിജയം

നമുക്കറിയാമല്ലോ, പണ്ടുകാലങ്ങളിൽ നാട്ടുരാജ്യങ്ങൾ ആണ് കൂടുതൽ ഉണ്ടായത്, ഇങ്ങനത്തെ ഒരു നാട്ടു രാജാവിനേയും നാട്ടു രാജ്യത്തിൻറെയും കഥയാണ് ഇവിടെ ചേർക്കുന്നത്. പണ്ട് ബ്രാഹ്മണ ദേശം എന്ന രാജ്യത്ത് ബ്രഹ്മദത്തൻ എന്ന ഒരു നാട്ടുരാജാവ് ഉണ്ടായിരുന്നു ജനങ്ങളുടെ ഐശ്വര്യത്തിന് ക്ഷേമത്തിന് വേണ്ടി പ്രയത്നിക്കുന്ന ഒരാളായിരുന്നു വളരെ ചെറിയ ഒരു നാട്ടുരാജ്യമായിരുന്നു ബ്രഹ്മ ദേശം സന്തോഷത്തിൻ റെയും സമാധാനത്തെയും ദിവസങ്ങൾ കടന്നു പോകവേ ഞെട്ടിക്കുന്ന വാർത്ത അവരുടെ ചെവിയിൽ എത്തി.

" ആ ദൂത് ഇങ്ങനെ ആയിരുന്നു ബ്രഹ്മ ദേശം രാജ്യത്തോടും ബ്രഹ്മദത്തൻ രാജാവിനോടും യുദ്ധം പ്രഖ്യാപിച്ചു കൊണ്ടുള്ള കൊണ്ടുള്ള ഷേർഖാൻ എന്ന മുസ്ലിം വംശ രാജാവിൻറെ ദൂരെ ആയിരുന്നു അത് ഈ വാർത്ത രാജ്യത്തെയും രാജാവിനെയും ഭീതിയിലാഴ്ത്തി കാരണം ബ്രഹ്മ ദേശം രാജ്യത്തിൻറെ നാലിരട്ടി വലുപ്പവും വലിയ സൈന്യ ബലവും ഉള്ള വരായിരുന്നു ഷേർഖാൻ റെ ബ്രഹ്മ ദേശത്തിൻറ ജന ഭയം നാടെങ്ങും അലയടിച്ചു യുദ്ധത്തിനുള്ള ഊട്ടി സമയം കൂടി അറിയിച്ചപ്പോൾ ഭയം വീണ്ടും കൂടി ഇതെല്ലാം കണ്ടുകൊണ്ട് രാജഗുരു മന്ത്രിയും നിൽപ്പുണ്ടായിരുന്നു രാജാവിൻറെ മുന്നിലേക്ക് രാജഗുരു വന്നിട്ട് പറഞ്ഞു രാജാവേ ഞാൻ എൻറെ മനസ്സിൽ യുദ്ധത്തെ കുറിച്ച് ഉള്ള കാര്യങ്ങൾ പറഞ്ഞുത വായിച്ചുനോക്കി ചിത്രങ്ങൾ അയച്ചു കഴിഞ്ഞുരാം പക്ഷേ അത് നാളെ രാവിലെ യോ അറിയൂ.. അത് ഞാൻ അങ്ങേയ്ക്ക് പറഞ്ഞുതരാം. അപ്പോൾ മനസ്സിലാക്കാം യുദ്ധം നമ്മൾ വിജയിക്കുമോ... പരാജയപ്പെടുമോ എന്ന് അങ്ങനെ ആ ഒരു നിമിഷത്തിനു വേണ്ടി രാജാവ് രാജ്യവും ആകാംക്ഷയോടെ കാത്തിരുന്നു.

പിറ്റേ ദിവസത്തെ പുലരിയെ സ്വാഗതം ചെയ്തുകൊണ്ട് എല്ലാവരും രാജ് ഗുരുവിൻറ മുറിയുടെ മുന്നിൽ എത്തി അദ്ദേഹത്തിൻറെ വരവിനായി എല്ലാവരും ആകാംക്ഷയായി നിന്നു പെട്ടെന്ന് രാജഗുരു പൊട്ടിച്ച് പെട്ടു എന്നിട്ട് രാജാവിനോട് പറഞ്ഞു അങ്ങുന്നേ ഞാനെൻറ ജന ചിന്തയിൽ കണ്ടത് ഇതാണ്

ഡിജിറ്റൽ മാഗസിൻ

' എൻറെ കയ്യിൽ ഒരു നാണയം ഉണ്ട് അത് ഞാൻ മുകളിലേക്ക് എറിഞ്ഞു താഴെ വീഴുമ്പോൾ വാൽ ആണെങ്കിൽ നമ്മൾ പരാജയപ്പെട്ടും തല യാണെങ്കിൽ ഉറപ്പിക്കും മഹാരാജാവേ ഈ യുദ്ധം നമ്മൾ തീ എവിടെടൊർച്ചയായും വിജയിക്കും . അങ്ങനെ രാജഗുരു നാണയം മുകളിലേക്ക് കിട്ടും എന്തായിരിക്കും ഫലം. ...... അതെ അത് വീണത് " തല " ആയിരുന്നു . രാജഗുരു പറഞ്ഞു രാജാവേ.......... അങ്ങ് ധൈര്യമായി പടവെട്ടി കോള്ള നമ്മൾ തീർച്ചയായും വിജയിക്കുമെന്ന് അങ്ങനെ ബ്രഹ്മ ദേശം ഷേർഖാൻ റെ പടയോട് പടവെട്ടി വിജയം കൈവരിച്ചു വിജയ ശേഷം

രാജ് ഗുരുവിൻറെ അടുത്ത് വന്നിട്ട് ആ ജന ചിന്തയെ കുറിച്ച് ചോദിച്ചു അപ്പോൾ രാജ് ഗുരു പറഞ്ഞു രാജാവേ അങ്ങ് വിജയിച്ചത് അങ്ങയുടെ ആത്മവിശ്വാസം കൊണ്ട് പേടിയോ അങ്ങ് എടുത്തുമാറ്റി അങ്ങ് വിജയിച്ച കാരണം ആ നാണയത്തിൻറെ ഇരുവശങ്ങളിലും " തല" ആണ് " തല" വീണാൽ ജയിക്കുമെന്ന അങ്ങയുടെ ആത്മവിശ്വാസം നമ്മളെ വിജയിപ്പിച്ചു

നമ്മുടെ പ്രകൃതി മാലിന്യമായി കൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയ്ക്ക് കാരണം നാം ഓരോരുത്തരുമാണ്. നമുക്ക് ചുറ്റും കാണാം മാലിന്യങ്ങൾ നിറഞ്ഞൊഴുകുന്നത്. പൊതുസ്ഥലങ്ങളിൽ മാലിന്യനിക്ഷേപം പലതരം രോഗങ്ങൾ പടർത്തുന്നു. ഇങ്ങനെ മാലിന്യം നിക്ഷേപിക്കുന്ന അതിനാൽ വഴിയോരങ്ങളിൽ ഊടെ മൂക്ക് പൊത്തി നടക്കേണ്ട അവസ്ഥയാണ് നമുക്കിപ്പോൾ.

മാലിന്യങ്ങളിൽ മുഖ്യ വില്ലൻ പ്ലാസ്റ്റിക് തന്നെയാണ്. പ്ലാസ്റ്റിക്കിനെ ആധിപത്യം തുടങ്ങിയ നാൾ പ്രകൃതിയുടെ ജീവൻറെ തുടിപ്പുകൾ അവർ ഇല്ലാതാക്കി തുടങ്ങി" ഇവിടെ മാലിന്യം നിഷേധിക്കരുത്" എന്നാ ബോർഡ് ഉണ്ടോ അവിടെ മാലിന്യം നിഷേധിക്കും. ഞങ്ങളെ പോലുള്ള കുരുന്നുകൾ ചിന്തിക്കുന്നത് ഇവർക്ക് വായിക്കാൻ അറിയില്ലേ, എന്നാണ്.

എത്രയെത്ര പ്ലാസ്റ്റിക്കുകൾ ആണ് നാം നിത്യവും ഉപയോഗിക്കുന്നത്, ഉപേക്ഷിക്കുന്നത്. എങ്ങനെയാണ് നാം പ്ലാസ്റ്റിക് നശിപ്പിക്കുന്നത്? കത്തിക്കുകയോ വലിച്ചെറിയുകയോ ചെയ്യുന്നു .ഇത് ശരിയാണോ? ഇതിൻറെ ഭവിഷത്ത് നാം അറിയുന്നില്ല. പ്ലാസ്റ്റിക് കത്തിക്കുമ്പോൾ ഓസോൺ പാളി ശേഷിക്ക് യും കാൻസർ പോലുള്ള മാരക രോഗങ്ങൾ നാം ക്ഷണിച്ചു വരുത്തുകയും ചെയ്യുന്നു. ഇതിന് പരിഹാരം" പ്ലാസ്റ്റിക് നിർമ്മാർജ്ജനം" ഒന്നു മാത്രമാണ്.

## സ്പർശം

പ്ലാസ്റ്റിക്കിന് നിരോധനം ഏർപ്പെടുത്തി എന്ന വിജ്ഞാപനം എന്തുകൊണ്ട് പ്രാവർത്തികമായില്ല? അതിനു കാരണം തേടി ആരും പോവാറില്ല. കാരണം അത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന അറിയാം.

" ദൈവത്തിൻറെ സ്വന്തം നാട്" എന്ന പേരിൽ അറിയപ്പെടുന്ന നമ്മുടെ നാട് ഇപ്പോൾ അതിജീവനത്തിൻെറ പാതയിലാണ്. ഇനിയും ഒരു പ്രളയം നമുക്ക് ചിന്തിക്കാൻ കൂടി കഴിയില്ല. ഇനി എങ്കിലും നമുക്കെല്ലാവർക്കും ഒന്നിച്ച് പ്രവർത്തിക്കാം നാളെക്കായി, മാനവരാശി ക്കായി, ഒരു നല്ല പുലരിക്കായി...............

ഷംജിത്ത്

# നാടൻ പാട്ടിൽ ആവേശം വന്ന് ജീവിതം തന്നെയായി മാറിയപ്പോൾ

**പ്രതിഭയോടൊപ്പം പ്രവർത്തന റിപ്പോർട്ട്:**

വൈത്തിരി :വൈത്തിരി ഗവൺമെൻറ് ഹൈസ്കൂളിലെ എൽപി ,യുപി, ഹൈസ്കൂൾ വിഭാഗങ്ങളെ പ്രതിനിധാനം ചെയ്ത് ഏകദേശം ഇരുപതോളം കുട്ടികൾ ലിറ്റിൽ കൈറ്റ്സ് നേതൃത്വത്തിൽ നാടൻ പാട്ട് കലാകാരനായ കരിമ്പിൻ കണ്ടി അറക്കൽ മാതൃൂസിനെ അഭിമുഖം നടത്താൻ അദ്ദേഹത്തിൻറെ വീട്ടിലെത്തി.മുൻകൂട്ടി അറിയിച്ചതനുസരിച്ച് 18-11-19 ന് തിങ്കളാഴ്ച ഉച്ചയ്ക്ക് മൂന്ന് മണിക്ക് ആയിരുന്നു കുട്ടികൾ കരിമ്പിൻ കണ്ടിയിലെ വീട്ടിലെത്തിയത്. എതിരേൽക്കാൻ മാതൃൂസും കുടുംബവും വീട്ടിന്റെ പടിക്കൽ തന്നെ ഉണ്ടായിരുന്നു. പരിമളം പരത്തേണ്ട ചടങ്ങിന് സൂചന എന്നാണം ശിവകാമി വർണ്ണപുഷ്പങ്ങളേകിയാണ് കലാകാരനെ വരവേറ്റത്.

താൻ പഠിച്ച സ്കൂളിലെ കുട്ടികളെല്ലാം വീട്ടിലെത്തുന്ന മുഹൂർത്തത്തെ വരവേൽക്കാൻ എല്ലാവിധ തയ്യാറെടുപ്പുകളുമായിട്ടായിരുന്നു പാട്ടു വീട്ടിലെ കാരണവരും സഹധർമ്മിണിയും നിന്നിരുന്നത്. വീടിന്റെ മുകൾ നിലയിൽ പ്രത്യേകം തയ്യാറാക്കിയ ശബ്ദ വെളിച്ച സംവിധാനങ്ങൾക്കിടയിലെക്കാണ് കുട്ടികൾ എത്തിയത്. വീട്ടുകാരുടെ വർത്തമാനത്തിന് ഔപചാരികതയുടെ ആവശ്യം ഒന്നുമില്ലെങ്കിലും പ്രധാനാധ്യാപകൻ ശ്യാം കുമാർ സാർ അഭിമുഖത്തിന് എത്തിയ ഏവരെയും അഭിസംബോധന ചെയ്തതോടെ ചടങ്ങ് ഉണർന്നു. പിന്നീട് കുട്ടികളും പ്രതിഭയും ഒന്നായി മാറുന്ന കാഴ്ചയാണ് കണ്ടത്. ഏതു ചോദ്യശരത്തെയും

# സ്പർശം

പ്രതിരോധിക്കുന്ന പടച്ചട്ടയായി പ്രതിഭ. ആവനാഴിയിൽ ഉള്ള ചോദ്യശരങ്ങളാൽ കുട്ടികൾ .സഞ്ചരിക്കുന്ന വിശ്വവിജ്ഞാനകോശം പോലെ നാടൻപാട്ടിനുമൊരാൾ. കേട്ടു നിന്നവർക്കെല്ലാം പകർന്നുകിട്ടിയ അറിവിന്റെ ഭാരക്കൂടുതൽ. ചോദ്യങ്ങൾക്കെല്ലാം അകമ്പടിയായി വായ്ത്താരിയും ഈരടികളും. ആളുകൾ എല്ലാം ഒരേ ലയത്തിൽ, പാടാത്തചുണ്ടുകളിൽ പോലും പാട്ടിന്റെ മാന്ത്രിക ശബ്ദങ്ങൾ. അന്തരീക്ഷം ശരീരത്തെ പോലും നിയന്ത്രണ രഹിതം ആക്കി. വഴക്കങ്ങൾ ക്കൊപ്പംചുവടുവെച്ച് എല്ലാവരും . നിയന്ത്രണം സമയത്തിനു മേൽ വേണമെന്ന് കരുതിയ വരെല്ലാം പാടെ മറന്നതുപോലെ. അതിർവരമ്പുകൾ എല്ലാം ലംഘിക്കപ്പെട്ടു. എവിടെനിന്നോ വന്ന ബോധം പരിപാടിയുടെ അവസാനിപ്പിക്കലിനെക്കുറിച്ചുള്ള ആലോചനകൾ ഉണ്ടാക്കിയെങ്കിലും ഇഷ്ടമുള്ള പാട്ടുകളുടെ ആവശ്യങ്ങൾ , പരിപാടി പിന്നെയും നീണ്ടു.

ഫൈസിന്റെ കവിതപോലെ ഒരു ചെറിയ തീപ്പൊരി വലിയ തീയായി മാറുന്നതുപോലെ, ജനകീയ അറിവു പ്രസ്ഥാനത്തിൻറെ പ്രചാരകൻ ആയപ്പോൾ ചാമിയേട്ടന്റെ താളം ആവാഹിച്ചെടുത്തപ്പോൾ പുറത്തുവന്നത് അത്ഭുതപ്പെടുത്തുന്നതായിരുന്നു. കൃഷ്ണൻറെ വായിൽ നോക്കിയ യശോദയെ പോലെ കണ്ടവരെല്ലാം വിസ്മയിച്ചു. മാത്യൂസ് എന്ന ജനകീയ നാടൻപാട്ട് പ്രവർത്തകനിൽ നിന്ന് കുട്ടികൾക്ക് പകർന്നു കിട്ടിയത് അവിസ്മരണീയമായ അനുഭവമായിരുന്നു ഗൃഹനാഥന്റെയും ഗൃഹനാഥയുടെയും സ്നേഹപൂർവ്വമായ സൽക്കാരവും ചേർന്നപ്പോൾ പരിപാടിയുടെ പകിട്ട് അളക്കാൻ പുതിയ അളവുകോലുകൾ വേണമെന്നായി.

തീർച്ചയാ പ്രജീന യോടൊപ്പം പ്രതിഭയും നാടൻ പാട്ട് എന്നത് പ്രതിഷേധത്തിന് പെരുമയും കലഹത്തിന്റെ ഇടിമുഴക്കവും ആണ്.

**ഡിജിറ്റൽ മാഗസിൻ**

സ്പർശം

നാജിയ നസ്റിൻ



നാടൻ പാട്ടിൻറ പ്രതിഭയോടൊപ്പം

ഡിജിറ്റൽ  മാഗസിൻ

# ഏതു വേഷവും അമ്മയ്ക്ക് ഇണങ്ങും അമ്മവേഷം അമ്മയ്ക്ക് മാത്രം

വൈത്തിരി ഗവൺമെൻറ് ഹൈസ്കൂൾ ലിറ്റിൽ ലിറ്റിൽ കൈറ്റ്സ് ഒരുക്കിയ ഇണങ്ങുന്ന കമ്പ്യൂട്ടർ പിണങ്ങാതെ അമ്മമാർ പരിശീലനപരിപാടി പ്രവർത്തന റിപ്പോർട്ട്

കേരളത്തിലെ വിദ്യാഭ്യാസം അതിൻറെ കാലത്തിനു മുമ്പേ പോകുന്ന കാഴ്ചപ്പാടുകളുടെ ഭാഗമായി നവീനവും അന്താരാഷ്ട്ര നിലവാരംആർജിച്ചതുമായി മാറിയിരിക്കുന്നു. ഈ വേളയിൽ ക്ലാസ് റൂമുകളിൽ സംവിധാനം ചെയ്യപ്പെട്ട ആധുനിക ഉപകരണങ്ങളുടെയും അതിനനുസൃതമായി പരിഷ്കരിക്കപ്പെട്ട പാഠപുസ്തകങ്ങളുടെ യും ശേഷികൾ കുട്ടികളിൽ എത്തിക്കുന്നതിന് ആവശ്യമായ ആപ്പുകളുടെ പരിചയപ്പെടുത്തലുകൾ ഏറ്റവും ആവശ്യമായി വരുന്നത് കുട്ടികളുടെ അമ്മ മാർക്കാണ് . അതിനാൽ തന്നെ അമ്മമാർക്കുള്ള പരിശീലനംഅനിവാര്യവും ഗുണകരവും ആണ്.

ഈ വെളിച്ചത്തിന്റെയും നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ വൈത്തിരി സ്കൂളിലും 26 10 2019 ശനിയാഴ്ച അമ്മമാർക്കുള്ള പരിശീലന പരിപാടി നടന്നു .ഒരു പരിശീലന പരിപാടി യ്ക്കുള്ള എല്ലാവിധ തയ്യാറെടുപ്പുകളും കൂടി തന്നെയാണ് സംഘാടകർ ഈ പരിപാടി ഒരുക്കിയത് .രജിസ്ട്രേഷൻ, ഉദ്ഘാടന സെഷനുകൾ,ലഘുഭ ക്ഷണം സമാപനം എന്ന ക്രമത്തിൽ അവതരിക്കപ്പെട്ട പരിപാടിയ്ടെ ഉദ്ഘാടന സെഷനിൽ ബഹുമാനപ്പെട്ട HM ശ്രീ .ശ്യം കുമാർ, മദർ പിടിഎ പ്രസിഡണ്ട് ലീല സദാനന്ദൻ SRG കൺവീനർ സന്തോഷ് സാർ കൈറ്റ് മിസ്ട്രസ് മാരായ പ്രിയ രഞ്ജിനി ടീച്ചർ ,ശ്രീവിദ്യ ടീച്ചർ എന്നിവർ പങ്കെടുത്തു. അലീന പിആർ സ്വാഗതവും ,ഫിദ പർവിൻ (ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ) നന്ദിയും പറഞ്ഞു .പരിശീലന പരിപാടിയിൽ പുതിയ പാഠപുസ്തകങ്ങൾ വന്നിട്ടുള്ള ക്യു ആർ കോഡ് എങ്ങനെ സ്കാൻ ചെയ്യാം കൂടാതെ സമഗ്ര ആപ്പ് ,സ്ക്രീൻ കാസ്റ്റ് തുടങ്ങിയവ പരിചയപ്പെടുത്തി മൊബൈലിനെ കമ്പ്യൂട്ടർ സ്ക്രീനുമായി ബന്ധിപ്പിക്കുക, വിക്ടർ ചാനൽ വിദ്യാഭ്യാസ ചാനൽ എന്നിവ പരിചയപ്പെടുത്തി. പരിശീലനത്തിന് ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ പിന്തുണയുണ്ടായിരുന്നു വന്നവരിലെല്ലാം പുതിയ തുടക്കത്തിന്റെ ആവേശം കാണാമായിരുന്നു.

അർജ്ജുൻ പ്രകാശ്

# ഊർജ്ജ പരിപാലനം

മനുഷ്യജീവിതത്തിന് ഒഴിച്ചുകൂടാനാവാത്ത ഒരു വടകം ആണ് പലവിധത്തിലുള്ള ഊർജ്ജ രൂപങ്ങളുടെ യോഗം. വാഹനങ്ങൾ ഓടിക്കുന്നതിനും യന്ത്രങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാം ഊർജ്ജം കൂടിയേ തീരൂ. ഊർജ്ജം ഇല്ലാതെ ലോകം നിശ്ചലമായി പോകുന്ന അവസ്ഥ. എന്നാൽ ഇന്ന് നാം ഉപയോഗിക്കുന്ന ഊർജ്ജത്തിൽ മുക്കാൽ പങ്കും പുതുക്കപ്പെട്ടത ഊർജ്ജ സ്രോതസ്സുകളിൽ നിന്നും ഉള്ളതാണ് അസംസ്കൃത എണ്ണ, കൽക്കരി ,പ്രകൃതിവാതകം, മുതലായവ. ഭൂമിയിൽ നിശ്ചിത അളവിൽ മാത്രം ലഭ്യമായ ഈ ഊർജ്ജസ്രോതസ്സുകൾ ഉപയോഗിക്കുന്തോറും തീർന്നു പോവുകയും വീണ്ടും ഉത് ഭവിക്കാൻ വളരെ കാല് താമസം എടുക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ നമ്മുടെ നാട്ടിൽ എവിടെയും സുലഭവും സൗജന്യവുമായ അക്ഷയ ഊർജ്ജ സ്രോതസ്സുകൾ കാര്യക്ഷമമായി ഉപയോഗ പെടുത്തേണ്ട തുണ്ട്. ഊർജ സംരക്ഷണത്തിന് വലിയ ആവശ്യകതയാണ് തെളിഞ്ഞുവരുന്നത്.

പ്രതിദിനം ഇന്ത്യയിൽ മാത്രം 3,735,000 ബാരൽ പെട്രോളിയം ആണ് ഉപയോഗിക്കുന്നത്. ഇന്ന് പെട്രോളിയം ഏറ്റവും കൂടുതൽ നോക്കുന്ന രാജ്യങ്ങളിൽ നാലാമതാണ് ഇന്ത്യ യു എസ് എ, ചൈന, ജപ്പാൻ, എന്നീ രാജ്യങ്ങൾ ഒന്നും രണ്ടും മൂന്നും സ്ഥാനത്തു നിൽക്കുന്നു. ലോകത്താകമാനം ഏകദേശം 93,500,000 ബാരൽ പെട്രോളിയം പ്രതിദിനം ഉപയോഗിക്കുന്നു. ഇത്തരത്തിൽ ഒരു വർഷം ഉപയോഗിക്കുന്ന പെട്രോളിയത്തിൻ കണക്ക് നമുക്ക് ചിന്തിക്കാൻ കഴിയുന്നതിനേക്കാൾ വലുതാണ്.

ഈ കണക്കു പ്രകാരമാണ് നമ്മുടെ പെട്രോളിയത്തിൻ ഉപയോഗം എങ്കിൽ എത്ര നാൾ കൂടി ഇത്തരം പെട്രോളിയം ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിക്കാൻ കഴിയുമെന്ന് പറയുനാവില്ല. ഇതുകൂടാതെ നമ്മെ പേടിപ്പെടുത്തുന്ന മറ്റൊരു വസ്തുത ഇത്രയും ഏറെ പെട്രോളിയം പ്രതിദിനം കത്തി തീരുമ്പോൾ ഉണ്ടാകുന്ന കാർബൺ ഡയോക്സൈഡ്, കാർബൺ മോണോക്സൈഡ്, പോലുള്ള വാതകങ്ങൾ അന്തരീക്ഷ മലിനീകരണത്തിനും ആഗോള താപനത്തിനും കാരണമാകുന്നു എന്നുള്ളതാണ്.

ഇത് ഇനി തുടർന്നാൽ "ഇനി വരുന്ന തലമുറക്കി ഇവിടെ വാസം സാധ്യമോ" എന്ന വാക്യം യാഥാർഥ്യമാകും. അതിനാൽ വോളിയം ഉൽപ്പന്നങ്ങളുടെ ഉപയോഗം പൂർണ്ണമായി ഇല്ലാതാക്കാൻ നമുക്കാവില്ല എന്നാൽ പരമാവധി നിയന്ത്രിച്ചും കുറച്ചും നമുക്ക് ഉപയോഗിക്കാനാവും അതിനായി പെട്രോളിയം ഊർജ്ജ സ്രോതസ്സും കളുടെ ഉപയോഗം കുറച്ച് പ്രകൃതിക്ക് ദോഷം വരാത്ത ജോയ് രീതിയിലുള്ള സോളാർ, തിരമാല, മുതലായവ ഊർജ്ജ

സ്രോതസ്സുകൾ നാം പരമാവധി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ ഒക്കെ തന്നെ ലോകവും നാമോരോരുത്തരും മാറിയാൽ മാത്രമേ ഇവിടെ പെട്രോളിയത്തിൽ എയും മറ്റും ഉപയോഗം നിയന്ത്രിക്കാനും അത് വരും തലമുറയ്ക്കായി കാത്തു വെക്കാനും ഇത് ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകുന്ന മലിനീകരണം കുറയ്ക്കാനും സാധിക്കൂ....

**ലഭ്യമായ ഊർജ്ജം കഴിവതും സംരക്ഷിക്കുന്നതാണ് ഈ സാഹചര്യത്തിൽ ഉത്തമം**




**ഗോപിക ജി (സ്കൂൾ ലീഡർ)**

## അനുഭവം ഗുരു

അറിവിൻറെ സ്രോതസ്സ് അനുഭവമാണ് പല കാര്യങ്ങൾ പലപ്പോഴായി ചെയ്യാതെ ഒരു കാര്യം തന്നെ പലതവണ ചെയ്യുമ്പോഴാണ് അക്കാര്യത്തിൽ വൈദഗ്ധ്യ നേടാൻ കഴിയുന്നത് ശരിയായ തീരുമാനം എടുക്കാൻ ഉള്ള കഴിവ് ആർജിക്കുന്നത് അനുഭവങ്ങളിലൂടെയാണ് പരാജയപ്പെടുമ്പോൾ ആരെയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യുമ്പോൾ മാത്രമാണ് കാര്യക്ഷമത കൈവരിക്കാൻ കഴിയുക ഏതു മേഖലയിലും വിജയിക്കുക എന്ന ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിന് ഇച്ഛാശക്തി യോടൊപ്പം ക്രിയാശക്തി യും അത്യാവശ്യമാണ് വിജയിച്ചാലും ശ്രമം തുടർന്നു കൊണ്ടിരിക്കുക നമുക്ക് സംതൃപ്തിയോടെ ചെയ്യാൻ കഴിയുന്നത് തിരഞ്ഞെടുക്കുക ഇഷ്ടപ്പെടുന്നത് ചെയ്യുമ്പോൾ നാം ഊർജസ്വലരായി മാറും ഊർജ്ജസ്വലത നമ്മെ വിജയത്തിൽ എത്തിക്കും

വിജയത്തിൻറെ പടികൾ ഒന്നൊന്നായി കയറി നമുക്ക് ആത്യന്തികമായ ലക്ഷ്യത്തിൽ എത്തിച്ചേരാം അതിനിടയിൽ വിശ്രമവും ആവശ്യമാണ് എന്നാൽ വിശ്രമം പിന്നീട് വരുന്ന പ്രവർത്തനങ്ങൾക്ക് ഊർജ്ജം സംഭരിക്കാൻ ഉതകുന്നത് ആകണം

**നവജിത്ത്**

